LIBRARY ARCHIVES Kerala Legislative Assembly

പഴശ്ശി കോവിലകം സ്മാരകമാക്കുന്നതിന്റെ നടപടിക്രമം

131 (3893) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാവൂർ നിയോജക മണ്ഡലത്തിൽപ്പെടുന്ന പഴശ്ശിരാജാവിന്റെ കോവിലകമായിരുന്ന പഴശ്ശി കോവിലകം സ്മാരകമായി സംരക്ഷിക്കുന്നതിന് സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പഴശ്ശി കോവിലകം സർക്കാർ ഏറ്റെടുക്കുന്നതിന്റെ നടപടിക്രമം ഏതുവരെയായെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ പഴശ്ശി വില്ലേജിൽ സ്ഥിതി ചെയ്യുന്ന പഴശ്ശികോവിലകത്തെ 1963-ലെ കേരള പ്രാചീനസ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടുപ്രകാരം സംരക്ഷിത സ്മാരക മാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) പഴശ്ശികോവിലകത്തെ സംരക്ഷിത സ്മാരകമായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേയ്ക്ക് വറന്യൂ വിശദവിവരവും സ്കെച്ചും പ്ലാനും ലഭ്യമാക്കിട്ടുണ്ട്. താമസംവിനാ പ്രാഥമിക വിജ്ഞാപനം പുറപ്പെടു വിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

ഫോക്ലോർ അക്കാദമി

132 (3894) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന ഫോക്ലോർ അക്കാദമിയുടെ പ്രവർത്തനങ്ങളും പദ്ധതികളും എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) നാടൻകലകളുടേയും കലാകാരൻമാരുടെയും പരിപോഷണത്തിനായി ഫോക് ലോർ അക്കാദമി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദീകരിക്കുമോ ;

(സി) ഗവേഷണ വിദ്യാർത്ഥികൾക്കും വിദേശികൾക്കും ഫോക് ലോർ അക്കാദമിയിൽ ഗവേഷണത്തിനായി എന്തൊക്കെ സൗകര്യങ്ങളാണ് നിലവിലുള്ളത് ; ഇനി എന്തൊക്കെ സംവിധാനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ ;

(ഡി) ഫോക് ലോർ അക്കാദമി നടത്തിപ്പിന് നിലവിൽ ഏതെങ്കിലും സമിതിയുണ്ടോ ; എങ്കിൽ ആരൊക്കെയാണ് അംഗങ്ങൾ ;

(ഇ) ഫോക്ലോർ അക്കാദമിയിൽ ലൈബ്രറിയും മതിയായ സ്റ്റാഫിനെയും സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;